പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6544 — 01.11.2011-ൽ മറുപടിക്ക്

## ജീവിതശൈലി രോഗങ്ങളുടെ വ്യാപനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ : | | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | തെറ്റായ ആഹാരശീലമാണ് ജീവിത ശൈലി രോഗങ്ങൾ വർദ്ധിക്കുന്നതിന്റെ പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (എ) | തെറ്റായ ആഹാരശീലവും ജീവിതശൈലിയുമാണ് ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നതിന്റെ പ്രധാന കാരണമെന്ന് വിവിധ പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. |
| (ബി) | ആരോഗ്യകരമായ ആഹാരശീലം പ്രചരിപ്പിക്കുന്നതിന് മുൻകൈ എടുക്കാത്തത് എന്താണെന്നും ഇതിന്മേൽ സ്വീകരിച്ചു വരുന്ന നടപടികളും വ്യക്തമാക്കാമോ ? | (ബി) | ആരോഗ്യകരമായ ഭക്ഷണശീലം, ആരോഗ്യകരമായ ജീവിതശൈലിയുടെ ഭാഗമായി പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങൾ ദേശീയ പകർച്ചേതര വ്യാധി ആരോഗ്യ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്യാൻസർ, പ്രമേഹം, ഹൃദ്രോഗം, പക്ഷാഘാതം എന്നിവ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള പ്രസ്തുത ദേശീയ ആരോഗ്യപരിപാടിയുടെ ഭാഗമായി അവ നടപ്പിലാക്കുന്ന ജില്ലകളിൽ, സബ്സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ജില്ലാ/ജനറൽ ആശുപത്രി തലങ്ങളിൽ, ആരോഗ്യകരമായ ജീവിതശൈലി പുലർത്തേണ്ട ആവശ്യകത ബോദ്ധ്യപ്പെടുത്തുവാനുള്ള ജീവിതശൈലീ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ